ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അതെ.

(സി) നടപടി സ്വീകരിക്കുന്നതാണ്.

നഗരവികസനത്തിനുള്ള അമൃത് പദ്ധതി

138 (1512) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിനുള്ള 'അമൃത് ' പദ്ധതിയ്ക്ക് കേന്ദ്ര സഹായം അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 'അമൃത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) 'അമൃത് പദ്ധതിക്കായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നുണ്ടോയെന്ന് പറയാമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) 'അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര അപ്പക്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്തെ 'അമൃത് ' പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ആദ്യഗഡുവായി 57.60 കോടി രൂപയും അഡ്മിനിസ്ട്രേറ്റീവ് ആന്റ് ഓഫീസ് എക്സ്പെൻസിനായി 1.75 കോടി രൂപയും കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കിനൽകൽ എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുകയാണ് 'അമൃത് ' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'അമൃത്' പദ്ധതിയുടെ ആകെ പ്രോജക്ട് അടങ്കലിന്റെ 30% സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതാണ്.

അർബൻ 2020 പദ്ധതി

139 (1513) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ 2020 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗര സഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത്ഫണ്ടും ലഭ്യമല്ലാത്ത നഗര സഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി.-യെയും ഡി.പി.ആർ.-കൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി.പി.ആർ.-കളുടെ അംഗീകാരത്തിനുമായി

LIBRARY ARCHIVES Kerala Legislative Assembly